LIBRARY ARCHIVES Kerala Legislative Assembly

## കാർഷിക മേഖലയിലുണ്ടായ തിരിച്ചടി

32 (5493) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. വി. വിജയദാസ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളവത്ക്കരണ നയങ്ങളുടെ ഫലമായി കാർഷിക മേഖലയിലുണ്ടായ തിരിച്ചടി സംസ്ഥാന സമ്പദ്ഘടനയിലുണ്ടാക്കാനിടയുള്ള കനത്ത ആഘാതം പരിഹരിക്കാനായി എന്തു വിധത്തിലുള്ള തന്ത്രങ്ങളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) വളർച്ചാ നിരക്ക് ഉയർത്തുന്നതോടൊപ്പം സാമൂഹ്യ നീതി ഉറപ്പുവരുത്താനായി എന്തു മാർഗ്ഗമാണ് ആലോചിക്കുന്നത്;

(സി) നവീന സേവന-വ്യവസായ മേഖലകളുടെ വളർച്ചയ്ക്കാവശ്യമായ പദ്ധതികൾ രൂപീകരിക്കുന്നതിനോടൊപ്പം പാർശ്വവത്ക്കരിക്കപ്പെട്ട് പരമ്പരാഗത തൊഴിൽ മേഖലയെ ആശ്രയിക്കാൻ നിർബന്ധിതരായ ഗണ്യമായ ജനവിഭാഗങ്ങളുടെ പുരോഗതിക്ക് ആവിഷ്കരിക്കാനുദ്ദേശിക്കുന്ന വികസന തന്ത്രത്തിന്റെ രൂപരേഖ അറിയിക്കാമോ?

### ഉത്തരം

(എ&ബി) ആഗോള സാമ്പത്തികവൽക്കരണത്തിന്റെയും സാമ്പത്തിക മാന്ദ്യത്തിന്റെയും പ്രത്യാഘാതങ്ങളിൽനിന്ന് സംസ്ഥാനത്തെ ജനങ്ങളെ സംരക്ഷിക്കുന്നതിനായി തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ പൊതുനിക്ഷേപം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും സർക്കാർ ശ്രദ്ധിക്കുന്നുണ്ട്.

(സി) പരമ്പരാഗത തൊഴിൽമേഖലയെ ആശ്രയിക്കുന്ന സാധാരണ ജനങ്ങളുടെ സംരക്ഷണത്തിനും പുരോഗതിക്കുമായി സർക്കാർ നടപ്പിലാക്കാൻ പോകുന്ന പ്രധാനപ്പെട്ട പദ്ധതികൾ ചുവടെ ചേർക്കുന്നു.

- കാർഷിക മേഖലയുടെ നിക്ഷേപത്തിലുണ്ടായ ഇടിവ് നികത്താനായി കാർഷിക പദ്ധതിയുടെ അടങ്കൽ 600 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.
- റബ്ബറിന്റെ വിലത്തകർച്ചയിൽനിന്നും കർഷകർക്ക് സംരക്ഷണം നൽകുന്നതിന് റബ്ബറിന് കിലോയ്ക്ക് 150 രൂപ ഉറപ്പുവരുത്തുന്ന വില സ്ഥിരതാ പദ്ധതിക്കായി 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- സാധാരണക്കാർ കൂടുതലായി പണിയെടുക്കുന്ന മേഖലയായ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ സന്നദ്ധതയുള്ളവർക്ക് 100 ദിവസത്തെ പണി നൽകുന്നതിനുള്ള തീവ്രയജ്ഞത്തിന് മുൻകൈ എടുക്കും.
- മത്സ്യത്തൊഴിലാളികളുടെ പഞ്ഞമാസാശ്വാസ പദ്ധതി 1800 രൂപയിൽ നിന്നും 3600 രൂപയാക്കി ഉയർത്തും.
- മത്സ്യത്തൊഴിലാളികൾ സുരക്ഷിത മേഖലയിലേക്ക് മാറിത്താമസിക്കുന്നതിന് സഹായം നൽകും.
- കയർ വ്യവസായത്തെയും കയർ തൊഴിലാളികളെയും സംരക്ഷിക്കുന്നതിനായി കയർ മേഖലയുടെ അടങ്കൽ 232 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.
- കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിനായി കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനം നൽകുന്നതിനും അവയുടെ നവീകരണത്തിനും കശുമാവ് കൃഷിയുടെ പ്രോത്സാഹനത്തിനും പദ്ധതികൾ നടപ്പിലാക്കും.
- കൈത്തറി, ഖാദി വ്യവസായ മേഖലയിൽ മാർക്കറ്റ് ഇടപെടലിനും വരുമാന ഉറപ്പിനുമുള്ള പദ്ധതികൾ നടപ്പിലാക്കും.
- നാശോന്മുഖ പാരമ്പര്യ തൊഴിലുകളിൽ പ്രവർത്തിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് ആർട്ടിസാൻസ് കോർപ്പറേഷൻ മുഖേന പദ്ധതി നടപ്പിലാക്കും.
- വർക്ക്ഷോപ്പ് ജീവനക്കാരുടെയും ഉടമസ്ഥരുടെയും ക്ഷേമനിധി ബോർഡ് വഴി പെൻഷൻ പദ്ധതി നടപ്പിലാക്കും.

## ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം

33 (5494) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ ഇടപാടുകൾ ക്രമീകൃതവും, ആസൂത്രിതവുമാക്കുന്നതിനുള്ള ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജുമെന്റ് സിസ്റ്റം എന്ന സംവിധാനത്തിന്റെ വിശദാംശങ്ങൾ നല്കാമോ;

LIBRARY ARCHIVES Kerala Legislative Assembly